**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4791** **01-11-2021 - ൽ മറുപടിയ്ക്ക്**

**നെന്മാറ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | 1. കണ്ണനികടവ് പാലം (നബാർഡ്) 2. തിരുവാഴിയോട് പാലം 3. ചുറ്റിപ്പാടം തെക്കുംപുറം പാലം 4. ചെമ്മന്തോട് പാലം 5. ഗോവിന്ദാപുരം പാലം 6. തോട്ടുംകുളമ്പ് - എരികാട് പാലം 7. ചെമ്മണം പതി പാലം |
| (ബി) | പ്രസ്തുത പാലങ്ങളുടെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പാലങ്ങളുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | 1 കണ്ണനികടവ് പാലം (നബാർഡ്) നിർമ്മാണം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ ടി പ്രവൃത്തിയുടെ ഉടമ്പടി വെച്ച് സൈറ്റ് കാരാറുകാരന് 28.09.2021 ന് കൈമാറിയിട്ടുണ്ട്. 2. തിരുവാഴിയോട് പാലം - പ്രവൃത്തിയുടെ ടെന്റേറ്റീവ് ജനറൽ ഡിസൈൻ നൽകിയിട്ടുണ്ട്. സ്ഥല ലഭ്യത ഉറപ്പ വരുത്തിയതിന് ശേഷം ടി പ്രവർത്തിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 3. ചുറ്റിപ്പാടം തെക്കുംപുറം പാലം- പ്രവൃത്തിയുടെ ടെന്റേറ്റീവ് ജനറൽ ഡിസൈൻ ലഭിക്കുകയും. ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഫൈനൽ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയും. 4. ചെമ്മന്തോട് പാലം - പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടു ണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരമുന്നു. 5. ഗോവിന്ദാപുരം പാലം - പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നു വരുന്നു. 6. തോട്ടുകുളമ്പ് - എരികാട് പാലം -പ്രവൃത്തിയുടെ സ്ഥല ലഭ്യത ഉറപ്പ വരുത്തിയതിന് ശേഷം ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 7. ചെമ്മണംപതി പാലം പ്രവൃത്തിയുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് സർക്കാരിന്റെ പൊതു നിർദ്ദേശ പ്രകാരം 2018 DsoR പ്രകാരം പുതുക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | അംഗീകാരം ലഭിച്ച കണ്ണനിക്കടവ് പാലം നിർമ്മാണ പ്രവർത്തി ഉടൻ ആരംഭിക്കും. മറ്റ് പ്രവർത്തികൾക്ക് അംഗീകാരം നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ